അന്യസംസ്ഥാന ലോട്ടറി

177 (4531) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യ സംസ്ഥാന ലോട്ടറി ടിക്കറ്റുകളുടെ കേരളത്തിലെ വിൽപ്പന സംബന്ധിച്ച് കണക്കുകൾ വെളിപ്പെടുത്തുമോ ;

(ബി) കൂടുതൽ പേർക്ക് ചെറിയ സമ്മാനങ്ങൽ നൽകിയും മൂന്ന് അക്കത്തിൽ അവസാനിക്കുന്ന ഏതാനും നമ്പരുകൾക്ക് 5000 മുതൽ താഴേക്കുള്ള തുക നൽകിയും ഗ്രാമീണ ജനതയെ സ്വാധീനിക്കുകവഴി കോടിക്കണക്കിന് രൂപ ലോട്ടറി വിൽപ്പന ഇനത്തിൽ അന്യ സംസ്ഥാനങ്ങളിലേക്ക് പോകുന്നത് നിയന്ത്രിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചു ;

(സി) കേരള ലോട്ടറിയുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിന് ആകർഷകമായ കൂടുതൽ സമ്മാനങ്ങളും മൂന്ന് അക്കത്തിൽ അവസാനിക്കുന്ന ഏതാനും നമ്പരുകൾക്ക് കൂടുതൽ സമ്മാന തുക നീക്കി വയ്ക്കുന്നത് സംബന്ധിച്ചും ആലോചിക്കുമോ ?

ഉത്തരം

(എ) അന്യ സംസ്ഥാന ലോട്ടറി ടിക്കറ്റുകളുടെ കേരളത്തിലെ വിൽപ്പന സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല. എന്നാൽ കേരള ടാക്സ് ഓൺ പേപ്പർ ലോട്ടറീസ് ആക്ട് പ്രകാരം അന്യ സംസ്ഥാന ലോട്ടറി നടത്തിപ്പുകാർ അവർ നടത്തുന്ന നറുക്കെടുപ്പുകൾക്ക് അഡ്വാൻസായി നികുതി അടയ്ക്കേണ്ടതുണ്ട്.

(ബി) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 4-11-2009 ലെ ഇടക്കാല ഉത്തരവ് പ്രകാരം ലോട്ടറി റെഗുലേഷൻ നിയമത്തിന്റെ ലംഘനത്തിന് എഫ്.ഐ.ആർ. എടുത്ത് തുടരന്വേഷണം നടത്താവുന്നതാണെന്നും, എന്നാൽ അറസ്റ്റോ, തടങ്കലോ മുതലായ തുടർ നടപടികൾ പാടില്ലെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്. കൂടാതെ ബന്ധപ്പെട്ട കോടതിയുടെ വാറണ്ടില്ലാതെ ലോട്ടറി വ്യാപാര കേന്ദ്രങ്ങളിൽ പരിശോധന നടത്തുകയോ, കണ്ടുകെട്ടുകയോ ചെയ്യരുതെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്. ടി വിധിയുടെ അടിസ്ഥാനത്തിൽ പോലീസിന് ആവശ്യമായ നടപടി എടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്ര ലോട്ടറി നിയന്ത്രണ നിയമത്തിന്റെ 4-ാം വകുപ്പിന്റെ ലംഘനത്തിനെതിരെ നടപടി സ്വീകരിക്കുവാൻ സംസ്ഥാന സർക്കാരിന് അധികാരം നൽകണമെന്ന കേരളത്തിന്റെ നിരന്തരമായ ആവശ്യം കേന്ദ്ര സർക്കാർ നിരാകരിച്ചിരിക്കുകയാണ്. ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ള കേന്ദ്ര ലോട്ടറി നിയന്ത്രണ ചട്ടങ്ങൾ പ്രകാരം 4-ാം വകുപ്പിന്റെ ലംഘനം സംബന്ധിച്ച് ബന്ധപ്പെട്ട സംസ്ഥാനത്തെയും കേന്ദ്ര സർക്കാരിനെയും അറിയിക്കാൻ മാത്രമാണ് സംസ്ഥാന സർക്കാരിന് അധികാരമുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2010 ലെ കേന്ദ്ര ഭാഗ്യക്കുറി നിയന്ത്രണ ചട്ടങ്ങൾ പ്രകാരം ഒറ്റ, രണ്ട്, മൂന്ന് അക്കങ്ങൾ അടിസ്ഥാനമാക്കി സമ്മാനങ്ങൾ നൽകുന്നത് നിയമ വിരുദ്ധമാണ്. നാല് അക്കത്തിൽ പരമാവധി സമ്മാനങ്ങൾ നൽകുന്നുണ്ട്.

കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട്

178 (4532) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ സാമ്പത്തിക ക്രമക്കേടുകളെക്കുറിച്ചും സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായും നടത്തിയ നിയമനങ്ങളെക്കുറിച്ചും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സമർപ്പിച്ച റിപ്പോർട്ടിൻമേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനെ സംബന്ധിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) റിപ്പോർട്ട് പരിശോധിച്ചു വരുന്നു.

കെ.എഫ്.സി.യുടെ പലിശ നിരക്ക്

179 (4533) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കെ.എഫ്.സി. നൽകുന്ന വായ്പകൾക്ക് എത്ര ശതമാനം പലിശയാണ് ഈടാക്കുന്നത് എന്ന് വിശദമാക്കുമോ ;

(ബി) വ്യവസായ സംരംഭങ്ങൾക്കായി വായ്പയെടുത്ത് തിരിച്ചടയ്ക്കുവാൻ സാധിക്കാതെ വന്നവരെ ജപ്തി നടപടിയിൽ നിന്ന് ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) വായ്പയെടുത്ത സംഖ്യ തിരിച്ചടവ് ഇല്ലാതെ ലാപ്സായി മാറികിടക്കുന്ന അവസരത്തിൽ മുതലിന്റെ എത്ര ഇരട്ടി സംഖ്യ വരെ തിരിച്ചടപ്പിക്കാറുണ്ട് ; മറ്റ് സ്ഥാപനങ്ങളിൽ ചെയ്യാറുള്ളതുപോലെ മുതലിന്റെ ഇരട്ടിയിൽ കൂടുതൽ ഈടാക്കരുത് എന്ന തത്വം നടപ്പിലാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly